1. യേശുവേപ്പോലെ ആകുവാൻ
യേശുവിൻ വാക്കു കാക്കുവാൻ
യേശുവെ നോക്കി ജീവിപ്പാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ

**ഉറപ്പിക്കെന്നെ എൻ നാഥാ**
**നിറെക്കയെന്നെ ശുദ്ധാത്മാ**
**ക്രിസ്തൻ മഹത്വത്താലെ ഞാൻ**
**മുറ്റും നിറഞ്ഞു ശോഭിപ്പാൻ**

2. ശൈശവപ്രായ വീഴ്ചകൾ
മോശെയാലുള്ള താഴ്ചകൾ
നീക്കുക എല്ലാം നായക
ഏകുക നിൻ സമ്പൂർണ്ണത -ഉറ

3. പ്രാർത്ഥനയാൽ എപ്പോഴും ഞാൻ
ജാഗരിച്ചു പോരാടുവാൻ
നിന്റെ സഹായം നല്കുക
എന്റെ മഹാ പുരോഹിതാ -ഉറ

4. വാഗ്ദത്തമാം നിക്ഷേപം ഞാൻ
ആകെയെൻ സ്വന്തം ആക്കുവാൻ
പൂർണ്ണപ്രകാശം രക്ഷകാ
പൂർണ്ണവിശ്വാസത്തെയും താ- ഉറ

5. ഭീരുത്വത്താൽ അനേകരും
തീരെ പിന്മാറി ഖേദിക്കും
ധീരത നല്കുകേശുവേ
വീരനാം സാക്ഷി ആക്കുകേ -ഉറ

6. വാങ്ങുകയല്ല ഉത്തമം
താങ്ങുക ഏറെ ശുദ്ധമാം
എന്നു നിന്നോടുകൂടെ ഞാൻ
എണ്ണുവാൻ ജ്ഞാനം നല്കേണം -ഉറ

7. തേടുവാൻ നഷ്ടമായതും
നേടുവാൻ ദൃഷ്ടമായതും
കണ്ണുനീർ വാർക്കും സ്നേഹം താ
വന്നു നിൻ അഗ്നി കത്തിക -ഉറ

8. കഷ്ടതയിലും പാടുവാൻ
നഷ്ടം അതിൽ കൊ ാടുവാൻ
ശക്തി അരുൾക നാഥനേ
ഭക്തിയിൽ പൂർണ്ണൻ ആക്കുകെ -ഉറ

9. യേശുവിൻകൂടെ താഴുവാൻ
യേശുവിൻകൂടെ വാഴുവാൻ
യേശുവിൽ നിത്യം ചേരുവാൻ
ഇവയെ കാംക്ഷിക്കുന്നു ഞാൻ -ഉറ

1. Yesuveppole aakuvan
Yesuvin vakku kakkuvan
Yesuve nokki jeevippan
Ivaye kamkshikkunnu njan

**Urappikkenne en nadha**
**Nirakka enne suddhatma**
**Kristhen mahatwathale njan**
**Muttum niranju sobhippan**

2. Saisava praya veezhchakal
Mosayalulla thazhichakal
Neekkuka ellam nayaka
Ekuka nin sampoornatha -Ura...

3. Prathanayal eppozhum njan
Jagarichu poraduvan
Ninte sahayam nalkuka
Ente mahapurohitha -Ura...

4. Vagathamam nikshepam njan
Akeyen swantham akkuvan
Poorna prakasam rekshaka
Poorna viswasatheyum tha -Ura...

5. Bheeruthwathal anekarum
Theere pinmari khedikkum
Dheeratha nalkukeshuve
Veeranam sakshi aakkuke -Ura...

6. Vangukayalla oothamam
Thanguka ere Sudhamaam
Ennu ninnodu koode njan
Ennuvaan njanam nalkananm -Ura...

7. Theduvan nashtamayathum
Neduvan dhrushtamayathum
Kannuneer arkkum snehamtha
Vannu nin Agni karthikka -Ura...

8. Kashtathyilum paduvan
Nastam athil kondaduvan
Sakthi arulka nadhane
Bhakthiyil poornanakkuke -Ura...

9. Yesuvin koode thazhuvan
Yesuvin koode vazhuvan
Yesuvil nithyam cheruvan
Ivye kamkshikkunnu njan -Ura...